# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 76 — 28.05.2019- ൽ മറുപടിക്ക്

## പരിസ്ഥിതി സൗഹാർദ നവകേരള നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.സ്വരാജ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് പ്രളയാനന്തര പുനർനിർമാണത്തിന്റെ ഭാഗമായി പരിസ്ഥിതി സൗഹാർദ്ദമായി നവകേരളം നിർമ്മിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് അറിയിക്കുമോ; | (എ) സംസ്ഥാനത്ത് പ്രളയാനന്തര പുനർനിർമാണ പദ്ധതികൾ ആവിഷ്കരിക്കുന്നതിനായി റീ ബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ നേതൃത്വത്തിൽ തയാറാക്കിയിട്ടുള്ള സമഗ്രരേഖയായ കേരള പുനർനിർമാണ വികസന പരിപാടി (RKDP) യിൽ പരിസ്ഥിതി സൗഹാർദ മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ടുള്ള പദ്ധതികളാണ് നടപ്പാക്കുകയെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പരിസ്ഥിതി സൗഹൃദവും അതിജീവനക്ഷമതയുള്ളതുമായ കേരളം എന്നതാണ് പുനർനിർമാണത്തിന്റെ ലക്ഷ്യം തന്നെ. പ്രസ്തുത രേഖയിലെ പരിസ്ഥിതിയും കാലാവസ്ഥാ മാറ്റവും എന്ന അധ്യായത്തിൽ കേരള പുനർനിർമാണവുമായി ബന്ധപ്പെട്ട പദ്ധതികൾ പരിസ്ഥിതി സൗഹൃദമാക്കുന്നതിനു |

വരുത്തേണ്ട നയപരവും സ്ഥാപനപരവും നിക്ഷേപപരവുമായ ഇടപെടലുകൾ നിർദേശിക്കുന്നു. അതിജീവനക്ഷമമായ പാരിസ്ഥിതിക ഇടപെടലുകളിലൂടെ സംസ്ഥാനത്തിന്റെ പരിസ്ഥിതി മേഖലയ്ക്കുണ്ടായ തകർച്ച പരിഹരിക്കേണ്ടത് ദുരന്തസാധ്യത കുറയ്ക്കുന്നതിനും ഭാവിയിലുണ്ടാകാനിടയുള്ള ദുരന്തങ്ങളുടെ ആഘാതം കുറയ്ക്കുന്നതിനും അത്യാവശ്യമാണ്. ഇതിനായി ചുവടെ പറയുന്നവയുമായി ബന്ധപ്പെട്ട ഇടപെടലുകളാണ് ഉദ്ദേശിക്കുന്നത്.

* പരിസ്ഥിതിയുമായി ബന്ധപ്പെട്ട വിവരങ്ങളും അറിവുകളും ശക്തിപ്പെടുത്തൽ
* സ്ഥാപനതല സാങ്കേതികവിദ്യ, പങ്കാളിത്തശേഷി എന്നിവ വികസിപ്പിക്കൽ
* പരിസ്ഥിതിലോല നയം വികസിപ്പിക്കൽ
* അതിജീവനക്ഷമത ഉറപ്പാക്കുന്നതിനായി പ്രവർത്തിക്കുന്ന വിവിധ സാമൂഹിക വിഭാഗങ്ങളെയും ബന്ധപ്പെട്ട ഏജൻസികളെയും ഒരുമിപ്പിക്കൽ

| | |
|---|---|
| (ബി) ഇതിലേക്കായി ഏതെല്ലാം രാജ്യങ്ങളുടെ സഹായം സംസ്ഥാനത്തിന് ലഭ്യമായിട്ടുണ്ട് എന്ന് അറിയിക്കുമോ; | കേരള പുനർനിർമാണ പദ്ധതികൾക്കായി ലോകബാങ്കിൽനിന്ന് 5137.34 കോടി രൂപയുടെ(സംസ്ഥാന വിഹിതം ഉൾപ്പെടെ) വികസന നയവായ്പ (DPL), ജർമൻ ബാങ്കായ KfW ൽനിന്ന് 1458 കോടി രൂപ (സംസ്ഥാന |

| | | |
|---|---|---|
| | | വിഹിതം ഉൾപ്പെടെ) യുടെ വായ്പ എന്നിവ സംബന്ധിച്ച നടപടികൾ പുരോഗമിക്കുന്നു. ഏതെങ്കിലുമൊരു പ്രത്യേക രാജ്യത്തിന്റെ സാമ്പത്തികസഹായം സംസ്ഥാനത്തിനു ലഭ്യമായിട്ടില്ല. |
| സി) | നിലവിൽ നടത്തിവരുന്നതിനേക്കാൾ കൂടുതലായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കാൻ ആലോചിക്കുന്നു എന്ന് അറിയിക്കുമോ; | പരിസ്ഥിതി സൗഹൃദവും അതിജീവന ക്ഷമതയുള്ളതുമായ കേരളം എന്ന ലക്ഷ്യത്തോടെയുള്ള പുനർനിർമാണത്തിന് ഉതകുന്ന മേഖലാടിസ്ഥാനത്തിലുള്ളതും (Sector based) വിവിധ മേഖലകളുമായി ബന്ധപ്പെട്ടു കിടക്കുന്നതുമായ (cross cutting) നയസമീപനം, സ്ഥാപനതലത്തിലും നിയന്ത്രണതലത്തിലുമുള്ള പ്രവർത്തനങ്ങൾ, മുൻഗണന നൽകേണ്ട നിക്ഷേപ മേഖലകൾ തുടങ്ങിയവയാണ് കേരള പുനർനിർമാണ വികസന പരിപാടി (RKDP)യിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. വെള്ളപ്പൊക്കം പോലുള്ള പ്രകൃതി ദുരന്തങ്ങൾ, കാലാവസ്ഥാ വ്യതിയാനത്തെത്തുടർന്നുള്ള മറ്റു ഭീഷണികൾ എന്നിവ പരിഗണിച്ചുള്ള, ഭാവിയിലെ ദുരന്തങ്ങളെക്കൂടി ചെറുക്കാൻ ശേഷിയുള്ള പദ്ധതികളാണ് ആലോചിക്കുന്നത്. കൃഷി, മൃഗപരിപാലനം, ഫിഷറീസ്, വനം, ഭൂമി, ജീവനോപാധികൾ, റോഡുകളും പാലങ്ങളും, ഗതാഗതം, നഗരവികസനവും അടിസ്ഥാന സൗകര്യങ്ങളും, ജലവിതരണവും ശുചിത്വവും , ജലവിഭവം എന്നീ മേഖലകൾക്കും വിവിധ മേഖലകളിലായി വ്യാപിച്ചു കിടക്കുന്ന പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാനം, ദുരന്ത സാധ്യതാ ലഘൂകരണം, ഓപ്പൺ ഡാറ്റ, പൊതുമേഖലാ ശാക്തീകരണം എന്നിവയ്ക്കും ഊന്നൽ നൽകിയുള്ള കൂടുതൽ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. |

| | |
|---|---|
| (ഡി) പ്രസ്തുത പ്രവർത്തനങ്ങൾ ഇന്നത്തെ സാഹചര്യത്തിൽ എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് അറിയിക്കുമോ? | പ്രളയ ദുരന്തത്തിൽനിന്നുള്ള അതിജീവനം എന്നത് ഒരു വെല്ലുവിളിയായും [illegible] കണ്ട്, ഭാവിയിൽ ഉണ്ടായേക്കാവുന്ന പ്രകൃതി ദുരന്തങ്ങളെക്കൂടി അതിജീവിക്കാനാകുന്ന വിധം കരുത്തോടെ കേരളത്തെ പുനർനിർമിക്കുക എന്ന വിശാലമായ കാഴ്ചപ്പാടോടെയാണ് കേരള പുനർനിർമാണ വികസന പരിപാടി (RKDP) രൂപപ്പെടുത്തിയിട്ടുള്ളത്. ഇവയിൽ ചില പ്രവർത്തനങ്ങൾ ഹ്രസ്വകാലയളവിനുള്ളിൽ പൂർത്തിയാക്കാനാകുന്നവയാണ്. എന്നാൽ സമഗ്ര വികസനത്തിന് ഉതകുന്ന പല ദീർഘകാല പദ്ധതികൾക്കും RKDP ഊന്നൽ നൽകുന്നുണ്ട്. ഇവയുടെ പദ്ധതി രേഖ തയാറാകുന്ന മുറയ്ക്കേ കേരള പുനർനിർമാണത്തിന്റെ പൂർത്തീകരണം സംബന്ധിച്ച കാലപരിധി വ്യക്തമാകുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**